# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2114 — 10.10.2011-ലെ മറുപടിക്ക്

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പ്രാവർത്തികമാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രാവർത്തികമാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ട്രാൻസ്മിഷൻ ലൈൻ എത്ര ദൂരം സ്ഥാപിക്കുന്നതിലേക്കാണ് നിശ്ചയിച്ചിരുന്നത് ; ശേഷിക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ എത്ര ദൂരം ഇനി പദ്ധതി പണി പൂർത്തീകരിക്കുവാൻ ഉണ്ടെന്നും അറിയിക്കുമോ ; | (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് കൂടി പ്രയോജനം ലഭിക്കുന്ന മീനാട് കുടിവെള്ള പദ്ധതിയിൽ 79.8 കി.മീ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിന്റെ പണികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ചാത്തന്നൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലുള്ള 297 കി.മീ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനിൽ 257 കി.മീ സ്ഥാപിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 40 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള റീ ടെൻഡറിംഗ് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതിലേക്ക് പരവൂർ നഗരസഭയിൽ തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അവ പരിഹരിച്ച് എന്ന് പണി പൂർത്തീകരിക്കുവാൻ കഴിയും ; | (ബി) | തടസ്സങ്ങളൊന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. പരവൂർ നഗരസഭയിൽ ട്രാൻസ്മിഷൻ മെയിനിന്റെ പണികൾ പൂർത്തീകരിച്ചുകഴിഞ്ഞു. |
| (സി) | ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുവാൻ കരാർ ഏറ്റെടുത്ത കമ്പനി ഇപ്പോൾ എന്തൊക്കെ ജോലികളാണ് നിർവ്വഹിക്കുന്നത് ; ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് യാതൊരു പ്രർത്തനങ്ങളും നടക്കുന്നില്ലായെന്ന വിവരം ബോദ്ധ്യമുണ്ടോ ; | (സി) | ട്രാൻസ്മിഷൻ മെയിനിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞു. പാക്കേജ് -3 ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടർ പ്രസ്തുത ജോലി നിർവ്വഹിക്കുന്നതിന് വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കോൺട്രാക്ട് ടെർമിനേറ്റ് ചെയ്തു. അവശേഷിക്കുന്ന 40 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള റീ ടെൻഡറിംഗ് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | നെടുങ്ങോലം എം.എൽ.എ ജംഗ്ഷൻ പൂതക്കുളം റോഡിൽ ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രവർത്തനം ശേഷിക്കുന്നുവോ ; | (ഡി) | ട്രാൻസ്മിഷൻ ലൈനുമായി ബന്ധപ്പെട്ട ഒരു പണികളും ഈ റോഡിൽ ശേഷിക്കുന്നില്ല. വിതരണ ശൃംഖലയിൽ ഇനി ഇന്റർ കണക്ഷൻ വർക്കുകളും റോഡ് ക്രോസിംഗ് വർക്കുകളും മാത്രമാണ് അവശേഷിക്കുന്നത്. |
| (ഇ) | എങ്കിൽ റോഡിന്റെ വീതി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | വിതരണ ശൃംഖലയുടെ ബാലൻസ് വർക്കുകൾ ഇന്റർകണക്ഷനുകളും റോഡ് ക്രോസിംഗുകളും തീർക്കാനുണ്ട്. പ്രസ്തുത ബാക്കി ജോലികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തീർക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ